പീഢാനുഭവ സ്മരണകളുണർത്തി ക്രൈസ്തവർ ഇന്ന് ദു:ഖവെള്ളി ആചരിച്ചു.

യു എ ഇ-യിലെ വിവിധ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും സ്ലീബാ വന്ദന ശുശ്രൂഷകളും നടന്നു. ദുബായ് സെൻറ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന ദു:ഖവെള്ളിയാഴ്ച ശുശ്രൂഷകളിൽ ആയിരക്കണക്കിനു വിശ്വാസികൾ പങ്കെടുത്തു. മലങ്കര ഓർത്തഡോക്സ് സഭ ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ.റ്റി ജെ ജോൺസൺ, അസി. വികാരി ഫാ. ബിജു ദാനിയേൽ, വി.റ്റി. തോമസ് കോർ എപ്പിസ്കോപ്പാ, ഫാ. തോമസ് മുകളേൽ എന്നിവർ നേതൃത്വം നൽകി. ശുശ്രൂഷകൾക്കു ശേഷം കഞ്ഞിനേർച്ചയും ഉണ്ടായിരുന്നു.